**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 74** **12-01-2021 - ൽ മറുപടിയ്ക്ക്**

**കൊച്ചി രാമേശ്വരം വില്ലേജിലെ കുടുംബങ്ങൾക്ക് ഭൂമി പോക്കുവരവ് ചെയ്യുന്നതിനുള്ള നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ജോൺ ഫെർണാണ്ടസ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | 1985ൽ ഐ.എൻ.എസ് ദ്രോണാചാര്യ പ്രൊജക്റ്റിനുവേണ്ടി കൊച്ചി താലൂക്കിലെ രാമേശ്വരം വില്ലേജിൽ പുനരധിവാസത്തിനായി ഏറ്റെടുത്ത് കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡിനു കൈമാറിയ ഭൂമിയിൽ തീറാധാരപ്രകാരം വർഷങ്ങളായി കൈവശം വെച്ച് അനുഭവിച്ച് വരുന്ന രാമേശ്വരം വില്ലേജിൽ മൂലങ്കുഴിയിൽ R.K. കോളനി നിവാസികളായ 29 കുടുംബങ്ങൾക്ക്കെ.എസ്.എച്ച്.ബി ന് ലഭിക്കേണ്ടതായ കുടിശിക തുക സർക്കാർ അടക്കാത്തതിനാൽ ഏൻ. ഒ.സി നല്കാത്തതിനാൽ പോക്കുവരവ് ചെയ്തു നൽകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | മത്സ്യതൊഴിലാളികളായ ഈ കുടുംബങ്ങളുടെ ദയനീയാവസ്ഥ കണക്കിലെടുത്ത് കെ.എസ്.എച്ച്.ബി ക്ക് നൽകേണ്ടതായ തുക നൽകി വർഷങ്ങളായി കൈവശം വച്ച് അനുഭവിച്ചു വരുന്ന ഭൂമിയുടെ പോക്കുവരവ് ചെയ്തു കരം സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഇന്ത്യൻ നാവിക സേനയുടെ വികസനത്തിനായി INS ദ്രോണാചാര്യ പദ്ധതിക്ക് വേണ്ടി ഫോർട്ട് കൊച്ചി വില്ലേജിലെ സർക്കാർ വക ഭൂമി ഇന്ത്യ ഗവൺമെന്റ് ഏറ്റെടുത്തപ്പോൾ അവിടെ താമസിച്ചിരുന്ന നിർദ്ധനരായ 250 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി നടപ്പിലാക്കിയ പദ്ധതിയാണ് രാമേശ്വരം ഭവനപദ്ധതി. 15.03.1984 ലെ 84-ാം നമ്പർ അവാർഡ് പ്രകാരം ബോർഡിനു ലഭിച്ച 2.5883 ഹെക്ടർ സ്ഥലം ടി പദ്ധതിയ്ക്ക് എടുത്ത ശേഷം ബീച്ച് റോഡിന്റെ പടിഞ്ഞാറു വശത്തുള്ള Sy.നം.194/1 ൽപ്പെട്ട 0.2989 ഹെക്ടർ സ്ഥലം (73.857 സെന്റ്) ബോർഡിന്റെ കൈവശത്തിലും കരംതീരുവയിലുമായിരുന്നു. ടി സ്ഥലം ദാമോദരഷേണായി എന്ന ആളിൽ നിന്നാണ് ബോർഡ് പൊന്നും വിലനടപടിയിലൂടെ എടുത്തത്. ഇയാളുടെ ബന്ധുവായ ഒരു മുരളീധരഷേണായി ഭാര്യ എ.ഡി. രാജാമണി എന്നവർ 29 മത്സ്യ തൊഴിലാളികൾക്ക് ബോർഡ് വക ടി സ്ഥലം അനധികൃത വിൽപ്പന നടത്തുകയുണ്ടായി. പ്രസ്തുത അനധികൃത കുടിയേറ്റം ഒഴിപ്പിക്കുന്നതിന് ബോർഡ് |

| | | | |
|---|---|---|---|
| | | | 05.11.2008 ന് ജില്ലാ കളക്ടർക്ക് കത്ത് നൽകുകയും, ടി വസ്തു പോക്കുവരവ് ചെയ്തു നൽകരുതെന്നും വില്ലേജ് ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ടി സ്ഥലത്തിന് അവാർഡ് തുകയും, LAR ഇനത്തിൽ നൽകിയിട്ടുള്ള തുകയുടെ ആനുപാതിക വിഹിതവും ചേർത്ത് 5,04,857/- രൂപയാണ് ബോർഡിന് ചെലവായിട്ടുള്ളതെന്നും, ടി തുകയ്ക്ക് തുക അടച്ച തീയതി മുതൽ 31.12.2020 വരെ 9% പലിശ കണക്കാക്കിയാൽ മൊത്തം 20,65,609/- രൂപ ബോർഡിന് ലഭിക്കേണ്ടതാണെന്നും ടി തുക ലഭ്യമായാൽ ടി 29 മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് അവർ നിലവിൽ താമസിക്കുന്ന ഭൂമി അവരുടെ പേരിൽ പോക്കുവരവ് ചെയ്ത് നൽകുന്നതിന് നിരാക്ഷേപപത്രം നൽകുന്നതിന് ഹൗസിങ് ബോർഡിന് തടസ്സമില്ലായെന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ബോർഡിന് തടസ്സമില്ലായെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ